# മഹാത്മാഗാന്ധി സർവ്വകലാശാല

**ലാലപ്പൻ സി.ആർ.**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9207291798

പി.ആർ.ഒ./39/151/2018 2018 ജൂലൈ 13

## പത്രക്കുറിപ്പ്

### സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് ഇന്ന് (ജൂലൈ 14) വിദ്യാഭ്യാസമന്ത്രി പ്രൊഫ. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യും

മഹാത്മാഗാന്ധി സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഔദ്യോഗിക ഉദ്ഘാടനം ഇന്ന് (ജൂലൈ 14) രാവിലെ 10 മണിക്ക് സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് സെമിനാർ ഹാളിൽ വിദ്യാഭ്യാസവകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് നിർവ്വഹിക്കും. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഏറ്റുമാനൂർ എം.എൽ.എ. അഡ്വ. സുരേഷ് കുറുപ്പ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലോഗോ പ്രകാശനം നിർവ്വഹിക്കും. സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. കെ. ഷെറഫുദ്ദീൻ, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. അജി. സി. പണിക്കർ, ഡോ. എ. ജോസ്, ഡോ. ആർ. പ്രഗാഷ് എന്നിവർ ആശംസയും സർവ്വകലാശാലാ രജിസ്ട്രാർ എം.ആർ. ഉണ്ണി കൃതജ്ഞതയും അർപ്പിക്കും. കേരളത്തിലെ ഒരു സർവ്വകലാശാല ആദ്യമായാണ് സിവിൽ സർവ്വീസ് പരിശീലനരംഗത്തേക്കുള്ള ചുവടുവയ്പ്പ് നടത്തുന്നത്. ഡോ. അലക്സാണ്ടർ ജേക്കബ് റിട്ട. ഡി.ജി.പി. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓണററി ഡയറക്ടർ ആയിരിക്കും. ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ആൾട്ടർനേറ്റീവ് ലേണിംഗ് സിസ്റ്റംസ് എന്ന സ്ഥാപനവുമായി സഹകരിച്ച് സാറ്റലൈറ്റ് ക്ലാസ്സുകൾ ലഭ്യമാക്കുന്നതിനുവേണ്ട സാങ്കേതിക സംവിധാനങ്ങൾ ക്ലാസ്സ്മുറിയിൽ ഒരുക്കിയിട്ടുണ്ട്. ഈ സംവിധാനം ഉപയോഗിച്ച് വിദ്യാർത്ഥികൾക്ക് രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നുള്ള പ്രഗത്ഭരായ അദ്ധ്യാപകരുമായി നേരിട്ട് ആശയവിനിമയം സാദ്ധ്യമാകുന്നതാണ്. സമകാലീന രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങൾക്ക് അനുസൃതമായി മികവുറ്റ ഒരു ഭരണ നേതൃത്വത്തെ വാർത്തെടുക്കുക എന്നതാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യം. സർവ്വകലാശാലാ ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് യാഥാർത്ഥ്യമാകുന്നത്. സംസ്ഥാനതലത്തിൽ നടത്തിയ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട 60 കുട്ടികൾക്കാണ് ആദ്യഘട്ടത്തിൽ പ്രവേശനം ലഭിച്ചിരിക്കുന്നത്.

### 'പഠിക്കാം പ്ലാവിലൂടെ ജീവിതം പദ്ധതി' ഇന്ന് (ജൂലൈ 14) വിദ്യാഭ്യാസമന്ത്രി പ്രൊഫ. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യും

നാഷണൽ സർവ്വീസ് സ്കീമിന്റെ അഭിമുഖ്യത്തിൽ 'പഠിക്കാം പ്ലാവിലൂടെ ജീവിതം' പദ്ധതിക്ക് ഇന്ന് (ജൂലൈ 14) തുടക്കമാകും. സംസ്ഥാനത്തെ കലാലയങ്ങളിൽ ഒരു ലക്ഷം നാട്ടുപ്ലാവിൻ തൈകൾ വെച്ചു പിടിപ്പിക്കുന്ന ബൃഹദ് പദ്ധതിയുടെ ഉദ്ഘാടനം വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് മഹാത്മാഗാന്ധി സർവ്വകലാശാല ക്യാമ്പസിൽ പ്ലാവിൻതൈ നട്ടുകൊണ്ട് നിർവ്വഹിക്കും. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, പ്രൊ വൈസ് ചാൻസലർ ഡോ. സാബു തോമസ്, സർവ്വകലാശാല സിൻഡിക്കേറ്റ് അംഗങ്ങൾ, സർവ്വകലാശാല രജിസ്ട്രാർ എം ആർ ഉണ്ണി, എൻ എസ് സ്റ്റേറ്റ് ലെയ്സൺ ഓഫീസർ ഡോ. കെ സാബുകുട്ടൻ,എൻ എസ് എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. സന്തോഷ് പി തമ്പി എന്നിവർ പങ്കെടുക്കും.

വിദ്യാർത്ഥികൾ നാട്ടു പ്രദേശങ്ങളിൽ നിന്ന് സംഭരിക്കുന്ന നാട്ടുപ്ലാവിൻതൈകളോ, ചക്കക്കുരുവോ അവരവരുടെ കലാലയത്തിലും പൊതു ഇടങ്ങളിലും നട്ടു പിടിപ്പിക്കുതിനുള്ള ബോധവൽകരണം, സർക്കാർ ചക്കയെ സംസ്ഥാന ഫലമായി പ്രഖ്യാപിച്ചതിനുശേഷം നടക്കുന്ന പൊതു ബോധന പ്രക്രിയ എന്നിവയും ഇതോടൊപ്പം നടക്കും.

## എം.കോം (പ്രൈവറ്റ്) പരീക്ഷാകേന്ദ്രം

ഒന്നും രണ്ടും സെമസ്റ്റർ എം.കോം (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾക്ക് ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജ് പരീക്ഷാ കേന്ദ്രമായി തിരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജിൽനിന്നും ഹാൾടിക്കറ്റ് വാങ്ങുകയും രജി. നമ്പർ. 170080016741 മുതൽ 170080016760 വരെയുള്ള വിദ്യാർത്ഥികളും രജി. നമ്പർ 170080016861 (മാനേജ്മെന്റ് സ്കീം) വിദ്യാർത്ഥിയും ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദുകോളേജിൽത്തന്നെയും രജി. നമ്പർ 170080016381 മുതൽ 170080016500 വരെയുള്ള വിദ്യാർത്ഥികൾ തിരുവല്ല മാക്ഫാസ്റ്റിലും രജി. നമ്പർ 170080016501 മുതൽ 170080016590 വരെയുള്ള വിദ്യാർത്ഥികൾ ചെത്തിപ്പുഴ ക്രിസ്തുജ്യോതി കോളേജിലും രജി. നമ്പർ. 170080016591 മുതൽ 170080016680 വരെയുള്ള വിദ്യാർത്ഥികൾ നെടുംകുന്നം ആർ. ശങ്കര സ്മാരക ശ്രീ നാരായണ കോളേജിലും രജി. നമ്പർ. 170080016681 മുതൽ 170080016740 വരെയുള്ള വിദ്യാർത്ഥികൾ കങ്ങഴ പി.ജി.എം. കോളേജിലും പരീക്ഷയെഴുതണം.

പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് പരീക്ഷാകേന്ദ്രമായി തിരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ കാതോലിക്കേറ്റ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങുകയും രജി. നമ്പർ 170080011491 മുതൽ 170080011605 (ഫിനാൻസ്), 170080011659, 170080011779 എന്നീ രജി. നമ്പരിലുള്ള വിദ്യാർത്ഥികൾ പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലും രജി. നമ്പർ 170080011606 മുതൽ 170080011658 വരെയും 170080011660 മുതൽ 170080011725 വരെയുമുള്ള വിദ്യാർത്ഥികൾ പത്തനംതിട്ട മന്നം മെമ്മോറിയൽ എൻ.എസ്.എസ്. കോളേജിലും രജി. നമ്പർ 170080011726 മുതൽ 170080011778 വരെയും 170080011780 മുതൽ 170080011841 വരെയുള്ള വിദ്യാർത്ഥികളും 170080011381, 170080011382, 170080011941 എന്നീ രജി. നമ്പരിലുള്ള വിദ്യാർത്ഥികളും കോന്നി എസ്.എൻ.ഡി.പി. യോഗം ആർട്സ് ആന്റ് സയൻസ് കോളേജിലും പരീക്ഷയെഴുതണം.

മാല്യങ്കര എസ്.എൻ.എം. കോളേജ് പരീക്ഷാകേന്ദ്രമായി തിരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ അവിടെനിന്നും ഹാൾടിക്കറ്റ് വാങ്ങുകയും രജി. നമ്പർ. 170080018871 മുതൽ 170080018980 (ഫിനാൻസ്), 170080019081 & 170080019082 (മാർക്കറ്റിംഗ്), 170080018651 (ബാങ്കിംഗ്) വിദ്യാർത്ഥികൾ മാല്യങ്കര എസ്.എൻ.എം. കോളേജിലും രജി. നമ്പർ. 170080018751 മുതൽ 170080018870 വരെയുള്ള വിദ്യാർത്ഥികൾ പെരുമ്പാവൂർ ഐ.എൽ.എം. കോളേജിലും പരീക്ഷയെഴുതണം.

കോട്ടയം ബസേലിയസ് കോളേജ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ മാന്നാനം കെ.ഇ. കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങുകയും രജി. നമ്പർ. 170080010111 മുതൽ 170080010180 വരെയുള്ള വിദ്യാർത്ഥികൾ കോട്ടയം ബസേലിയസ് കോളേജിലും രജി. നമ്പർ. 170080010181 മുതൽ 170080010250 (ഫിനാൻസ്), 170080010001 മുതൽ 170080010006 (ബാങ്കിംഗ്) വരെയുള്ള വിദ്യാർത്ഥികൾ മാന്നാനം കെ.ഇ. കോളേജിൽത്തന്നെയും പരീക്ഷയെഴുതണം.

കൊച്ചി കൊച്ചിൻ കോളേജ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ അവിടെനിന്നും ഹാൾടിക്കറ്റ് വാങ്ങുകയും രജി. നമ്പർ. 170080024181 മുതൽ 170080024279 (ഫിനാൻസ്), 170080024491 & 170080024492 (മാർക്കറ്റിംഗ്), 170080023711 മുതൽ 170080023713 (ബാങ്കിംഗ്), 170080024381 മുതൽ 170080024385 (മാനേജ്മെന്റ്) വരെയുള്ള വിദ്യാർത്ഥികൾ കൊച്ചിൻ കോളേജിലും രജി. നമ്പർ. 170080024061 മുതൽ 170080024180 വരെയുള്ള വിദ്യാർത്ഥികൾ ഇടക്കൊച്ചി അക്വിനാസ് കോളേജിലും രജി. നമ്പർ. 170080023821 മുതൽ 170080023940 വരെയുള്ള വിദ്യാർത്ഥികൾ സേത്ത് രാം ബഹാദൂർ സിംഗ് ഗുജറാത്തി കോളേജിലും രജി. നമ്പർ. 170080023941 മുതൽ 170080024060 വരെയുള്ള വിദ്യാർത്ഥികൾ അങ്കമാലി ഡീപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിലും പരീക്ഷയെഴുതണം.

കളമശ്ശേരി സെന്റ് പോൾസ് കോളേജ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ അവിടെനിന്നും ഹാൾടിക്കറ്റ് വാങ്ങുകയും രജി. നമ്പർ. 170080020711 മുതൽ 170080020743 (ഫിനാൻസ്), 170080020951 (മാർക്കറ്റിംഗ്), 170080020851 (മാനേജ്മെന്റ്) എന്നീ വിദ്യാർത്ഥികളും കളമശ്ശേരി സെന്റ് പോൾസ് കോളേജിലും രജി. നമ്പർ. 170080020621 മുതൽ 170080020710 വരെയുള്ള വിദ്യാർത്ഥികൾ കുന്നുകര എം.ഇ.എസ്. ടി.ഒ. അബ്ദുള്ള മെമ്മോറിയൽ കോളേജിലും പരീക്ഷയെഴുതണം.

കാലടി ശ്രീ ശങ്കര കോളേജ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ അവിടെനിന്നും ഹാൾടിക്കറ്റ് വാങ്ങുകയും രജി. നമ്പർ. 170080019591 മുതൽ 17080019663 (ഫിനാൻസ്) വരെയുള്ള വിദ്യാർത്ഥികൾ കാലടി ശ്രീ ശങ്കര കോളേജിലും രജി. നമ്പർ. 170080019411 മുതൽ 170080019470 (ഫിനാൻസ്) വരെയുള്ള വിദ്യാർത്ഥികൾ ആലുവ മാറമ്പള്ളി എം.ഇ.എസ്. അഡ്വാൻസ്ഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജിയിലും രജി. നമ്പർ.

170080019471 മുതൽ 170080019590 (ഫിനാൻസ്) വരെയുള്ള വിദ്യാർത്ഥികൾ പെരുമ്പാവൂർ ജയ് ഭാരത് കോളേജിലും പരീക്ഷയെഴുതണം.

ആലുവ യു.സി. കോളേജ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ അവിടെനിന്നും ഹാൾടിക്കറ്റ് വാങ്ങുകയും രജി. നമ്പർ.170080025381 മുതൽ 170080025439 (ഫിനാൻസ്), 170080025541 (മാർക്കറ്റിംഗ്) എന്നീ വിദ്യാർത്ഥികൾ കുഴിവേലിപ്പടി കെ.എം.ഇ.എ. കോളേജിലും പരീക്ഷയെഴുതണം.

തൊടുപുഴ ന്യൂമാൻ കോളേജ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ അവിടെനിന്നും ഹാൾടിക്കറ്റ് വാങ്ങുകയും രജി. നമ്പർ. 170080014451 മുതൽ 170080014456 (ഫിനാൻസ്) വരെയും 170080014221 മുതൽ 170080014224 (ബാങ്കിംഗ്), 170080014561 (മാനേജ്മെന്റ്) എന്നീ വിദ്യാർത്ഥികൾ തൊടുപുഴ ന്യൂമാൻ കോളേജിലും രജി. നമ്പർ. 170080014331 മുതൽ 170080014450 (ഫിനാൻസ്) വരെയുള്ള വിദ്യാർത്ഥികൾ തൊടുപുഴ ഗുരു നാരായണ കോളേജിലും പരീക്ഷയെഴുതണം.

ആലുവ സെന്റ് സേവ്യേഴ്സ് കോളേജ് ഫോർ വിമൺ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ അവിടെനിന്നും ഹാൾടിക്കറ്റ് വാങ്ങുകയും രജി. നമ്പർ. 170080023401 മുതൽ 170080023494 (ഫിനാൻസ്) വരെയുള്ള വിദ്യാർത്ഥികൾ ആലുവ സെന്റ് സേവ്യേഴ്സ് കോളേജ് ഫോർ വിമണിലും രജി. നമ്പർ. 170080023341 മുതൽ 170080023400 (ഫിനാൻസ്) വരെയുള്ള വിദ്യാർത്ഥികൾ ചൂണങ്ങംവേലി ഭാരത് മാതാ കോളേജ് ഫോർ കൊമേഴ്സ് ആന്റ് ആർട്സിലും പരീക്ഷയെഴുതണം.

തൃക്കാക്കര ഭാരത് മാതാ കോളേജ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ അവിടെനിന്നും ഹാൾടിക്കറ്റ് വാങ്ങുകയും രജി. നമ്പർ. 170080010351 മുതൽ 170080010432 വരെയുള്ള വിദ്യാർത്ഥികൾ കുമാരപുരം ആർ.യു. കോളേജ് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജിയിലും രജി. നമ്പർ 170080010433 മുതൽ 170080010511 (ഫിനാൻസ്), 170080010611 മുതൽ 170080010621 (മാനേജ്മെന്റ്) വരെയുള്ള വിദ്യാർത്ഥികൾ പൂത്തോട്ട എസ്.എസ്. കോളേജിലും പരീക്ഷയെഴുതണം.

മുരിക്കാശ്ശേരി പാവനാത്മാ കോളേജ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ അവിടെനിന്നും ഹാൾടിക്കറ്റ് വാങ്ങുകയും രജി. നമ്പർ. 170080017181 മുതൽ 170080017240 വരെയുള്ള വിദ്യാർത്ഥികൾ മുരിക്കാശ്ശേരി പാവനാത്മാ കോളേജിലും രജി. നമ്പർ. 170080017241 മുതൽ 170080017284 (ഫിനാൻസ്), 170080017071 മുതൽ 170080017073 (ബാങ്കിംഗ്) വരെയുള്ള വിദ്യാർത്ഥികൾ കട്ടപ്പന ക്രൈസ്റ്റ് കോളേജിലും പരീക്ഷയെഴുതണം.

എറണാകുളം ചിന്മയ വിദ്യാപീഠ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ അവിടെനിന്നും ഹാൾടിക്കറ്റ് വാങ്ങുകയും രജി. നമ്പർ. 170080012161 മുതൽ 170080012230 വരെയുള്ള വിദ്യാർത്ഥികൾ ചിന്മയ വിദ്യാപീഠിലും രജി. നമ്പർ. 170080012231 മുതൽ 170080012282 (ഫിനാൻസ്), 170080012391 മുതൽ 170080012392 (ബാങ്കിംഗ്) വരെയുള്ള വിദ്യാർത്ഥികൾ കാക്കനാട് രാജഗിരി കോളേജ് ഓഫ് മാനേജ്മെന്ററിലും പരീക്ഷയെഴുതണം.

കോഴഞ്ചേരി സെന്റ് തോമസ് കോളേജ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ അവിടെനിന്നും ഹാൾടിക്കറ്റ് വാങ്ങുകയും രജി. നമ്പർ. 170080023021 മുതൽ 170080023081 വരെയുള്ള വിദ്യാർത്ഥികൾ കോഴഞ്ചേരി സെന്റ് തോമസ് കോളേജിലും രജി. നമ്പർ. 170080023082 മുതൽ 170080023140 (ഫിനാൻസ്), 170080023241 (മാനേജ്മെന്റ്) വിദ്യാർത്ഥികൾ തുരുത്തിക്കാട് ബി.എ.എം. കോളേജിലും പരീക്ഷയെഴുതണം.

മറ്റുള്ള വിദ്യാർത്ഥികൾ അവരവർ തെരഞ്ഞെടുത്ത പരീക്ഷാകേന്ദ്രത്തിൽത്തന്നെ പരീക്ഷയെഴുതണം. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

## അപേക്ഷാ തീയതി

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ എം.എഡ്. (സി.എസ്.എസ്.) പ്രോഗ്രാം 2017-19 ബാച്ച് എക്സ്റ്റേണൽ പരീക്ഷകൾ ആഗസ്റ്റ് 7ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂലൈ 18 വരെയും 50 രൂപ പിഴയോടെ 23 വരെയും സ്വീകരിക്കും. എസ്.സി./എസ്.ടി./ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ഫീസ് ഉണ്ടായിരിക്കില്ല. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

## സംവരണ സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ നടത്തുന്ന ദ്വിവത്സര മാസ്റ്റർ ഓഫ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് പ്രോഗ്രാമിലേക്ക് എസ്.സി./എസ്.ടി. വിഭാഗത്തിൽ

ഏതാനും സീറ്റൊഴിവുണ്ട്. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. യോഗ്യരായവർ ജൂലൈ 17ന് രാവിലെ 11 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം പഠനവകുപ്പിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക് ഫോൺ: 0481 - 2732922.

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്‌കൂൾ ഓഫ് കെമിക്കൽ സയൻസസിൽ 2018 പ്രവേശനത്തിന് എം.എസ്.സി. കെമിസ്ട്രിയിൽ എസ്.ടി. വിഭാഗത്തിൽ മൂന്ന് സീറ്റൊഴിവുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകളുമായി ജൂലൈ 17ന് രാവിലെ 10 മണിക്ക് സ്‌കൂൾ ഓഫീസിൽ ഹാജരാകണം. ഫോൺ: 0481 – 2731036

**പ്രാക്ടിക്കൽ**

അഞ്ചാം സെമസ്റ്റർ എം.സി.എ. (506 - കമ്പ്യൂട്ടർ ഗ്രാഫിക്‌സ് ലാബ് (Using OpenGL)) മെയ് 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 16 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്‌സൈറ്റിൽ ലഭ്യമാണ്.

**എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് ക്ലാസ്സുകൾ ജൂലൈ 18ന് ആരംഭിക്കും**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്‌കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ ഒന്നാം വർഷ എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് ക്ലാസ്സുകൾ ജൂലൈ 18ന് ആരംഭിക്കും. അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾ രാവിലെ 10 മണിക്ക് ഹാജരാകണം. ഫോൺ: 0481 - 2731037.

**പരീക്ഷാഫലം**

നാലാം വർഷ ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി (2008 അഡ്മിഷൻ മുതൽ) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 26 വരെ അപേക്ഷിക്കാം.

2018 ഏപ്രിൽ മാസത്തിൽ സ്‌കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. പൊളിറ്റിക്‌സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ്, പൊളിറ്റിക്‌സ് ആന്റ് ഹ്യൂമൻ റൈറ്റ്‌സ്, പൊളിറ്റിക്‌സ് (പബ്ലിക് പോളിസി ആന്റ് ഗവർണൻസ് - സി.എസ്.എസ്.) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2018 മാർച്ച് മാസത്തിൽ നടത്തിയ അഞ്ചും ആറും സെമസ്റ്റർ ബി.എ. ഇസ്ലാമിക് ഹിസ്റ്ററി (സി.ബി.സി.എസ്.എസ്. പ്രൈവറ്റ് - മോഡൽ 1) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 25 വരെ അപേക്ഷിക്കാം.

2018 മാർച്ച് മാസത്തിൽ നടത്തിയ അഞ്ചും ആറും സെമസ്റ്റർ ബി.എ. ഹിസ്റ്ററി (സി.ബി.സി.എസ്.എസ്. പ്രൈവറ്റ് - മോഡൽ 1) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 19 വരെ അപേക്ഷിക്കാം.

**വാക്ക് ഇൻ ഇന്റർവ്യൂ**

മഹാത്മാഗാന്ധി സർവ്വകലാശാലാ കെ.എൻ. രാജ് സ്റ്റഡി സെന്ററിൽ 2018- 19 അക്കാദമിക വർഷത്തേക്കുള്ള ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിനായി പാനൽ തയ്യാറാക്കുന്നതിനുള്ള വാക്ക് ഇൻ ഇന്റർവ്യൂ ജൂലൈ 17ന് രാവിലെ 10.30ന് വൈസ് ചാൻസലറുടെ ചേമ്പറിൽ നടക്കും. യോഗ്യരായ ഉദ്യോഗാർത്ഥികൾ രാവിലെ 10 മണിക്ക് എ.ഡി. എ7 സെക്ഷനിൽ ഹാജരാകണം. വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ്‌സൈറ്റിൽ ലഭ്യമാണ്.

**'ആർട്ട്, റിലീജിയൻ ആന്റ് ട്രാൻസെന്റൻസ് – സെമിനാർ കോഴ്‌സ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്‌കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്‌മെന്റ് സ്റ്റഡീസ് സംഘടിപ്പിക്കുന്ന 'ആർട്ട്, റിലീജിയൺ ആന്റ് ട്രാൻസെന്റൻസ് എന്ന സെമിനാർ കോഴ്‌സിൽ ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് ചെയറിലെ കോഴ്‌സ് ഇൻസ്ട്രക്ടറായ ഫാദർ (ഡോ.) കെ.എം. ജോർജ് ക്ലാസ്സുകൾ നടത്തും. നാല് ആഴ്ചകളിലായി നടത്തുന്ന കോഴ്‌സിന്റെ ആദ്യ ക്ലാസ് ആഗസ്റ്റ് 2ന് ഉച്ചയ്ക്ക് 3 മണിക്ക് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്‌മെന്റ് സ്റ്റഡിസിന്റെ പ്രഭാഷണഹാളിൽവച്ച് നടത്തും. താല്പര്യമുള്ളവർ ജൂലൈ 31നകം സ്‌കൂൾ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 0481 - 2731039.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**